"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- കോവിഡ് 19 - തിയേറ്ററുകളുടെ പ്രവർത്തനസമയത്തിൽ മാറ്റം വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.312/2021/DMD തീയതി,തിരുവനന്തപുരം, 08/03/2021

---

പരാമർശം:- കേരള ഫിലിം എക്സിബിറ്റേഴ്സ് യുണൈറ്റഡ് ഓർഗനൈസേഷൻ ഓഫ് കേരള 01/03/2021-ൽ നൽകിയ നിവേദനം

06.03.2021 ലെ കോവിഡ് കോർ ഗ്രൂപ്പ് യോഗ തീരുമാനം

**<u>ഉത്തരവ്</u>**

പരാമർശത്തിലെ നിവേദനത്തിൽ തീയേറ്ററുകൾ മുന്നോട്ട് നടത്തി കൊണ്ട് പോകുവാൻ പറ്റാത്ത സാഹചര്യമാണ് എന്നും സിനിമ വ്യവസായത്തിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി മറ്റു സംസ്ഥാനങ്ങളിലേതു പോലെ കേരളത്തിലും സെക്കൻഡ് ഷോ അനുവദിച്ചുതരണമെന്നും കേരള ഫിലിം എക്സിബിറ്റേഴ്സ് യുണൈറ്റഡ് ഓർഗനൈസേഷൻ ഓഫ് കേരള ആവശ്യപ്പെടുകയുണ്ടായി.

06.03.2021ന് നടന്ന കോവിഡ് കോർ ഗ്രൂപ്പ് മീറ്റിംഗിൽ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. കോവിഡ് 19 വ്യാപനം കുറയ്ക്കുന്നതിന് തീയേറ്ററുകളുടെ പ്രവർത്തനസമയം 9AM മുതൽ 9PM വരെ എന്നതു മാറ്റി 12PM മുതൽ 12AM വരെയാക്കുന്നത് ഉചിതമാകുമെന്ന് യോഗം ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് വ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന നിബന്ധനയോടെ സംസ്ഥാനത്തെ സിനിമ തിയേറ്ററുകളുടെ പ്രവർത്തന സമയം 9AM മുതൽ 9PM വരെ എന്നത് 12PM മുതൽ 12AM വരെ എന്ന് പുനക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ.എ.എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

File No.DMA2/208/2021-DMD

കമ്മീഷണർ, ദുരന്ത നിവാരണം

കമ്മീഷണർ, ലാൻഡ് റവന്യൂ

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

എല്ലാ ജില്ലാ കളക്ടർമാർക്കും

സാംസ്കാരിക വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്

വിവര സാങ്കേതിക വകുപ്പ് (ഐ&പി ആർ ഡി)

പകർപ്പ്:

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എയ്ക്ക്

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by JAYACHANDRAN K P
Date: 2021.03.08 16:50:33 IST
Reason: Approved

സെക്ഷൻ ഓഫീസർ